പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 505 — 21.10.2011 ൽ മറുപടിക്ക്

## ചിത്രാഞ്ജലി സ്റ്റുഡിയോ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ബി. അബ്ദുൾ റസാക്ക് :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി.) |
| (എ) മലയാള സിനിമാ വ്യവസായത്തെ നിലനിർത്തുന്നതിൽ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ എത്രത്തോളം വിജയിച്ചിട്ടുണ്ട് ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ; | (എ) മലയാള സിനിമ വ്യവസായത്തെ നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനുമായിട്ടാണ് 1975 ൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സ്ഥാപിച്ചത്. 1980-ൽ ചിത്രാഞ്ജലി സ്റ്റുഡിയോ പ്രവർത്തനം ആരംഭിച്ചു. സിനിമാ നിർമ്മാണത്തിനുള്ള എല്ലാ സാങ്കേതിക സൗകര്യങ്ങളും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മാതാക്കൾക്ക് ലഭിക്കുന്നു. 2010-ൽ 23 ചിത്രങ്ങളും 2011-ൽ ഇതുവരെ 29 ചിത്രങ്ങളും ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കോർപ്പറേഷന്റെ കീഴിലുള്ള പ്രകൃതിരമണീയമായതും വേണ്ടത്ര സൗകര്യങ്ങളുള്ളതുമായ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സിനിമ ചിത്രീകരിക്കുന്നതിന് പ്രോത്സാഹനം നല്കിയിട്ടും അക്കാര്യത്തിൽ പുരോഗതി കൈവരിക്കാത്തതിനുള്ള അടിസ്ഥാനകാരണങ്ങൾ വിശകലനം ചെയ്യുമോ ; | (ബി) 2010-ൽ 23 ചിത്രങ്ങളും 2011-ൽ ഇതുവരെ 29 ചിത്രങ്ങളും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിച്ച സാഹചര്യത്തിൽ അതിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടക്കുന്നു എന്ന് കരുതാവുന്നതാണ്. |
| (സി) ഫിലിംസിറ്റി പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ; | (സി) ഫിലിം സിറ്റി പദ്ധതി കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് ചർച്ച ചെയ്യുകയും, പ്രോജക്ട് റിപ്പോർട്ടു തയ്യാറാക്കുന്നതിന് ''കിറ്റ്കോ'' എന്ന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുവാൻ കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ഡി) അധികൃതരുടെ ലക്ഷ്യബോധമില്ലായ്മയും സാങ്കേതിക വിദഗ്ദ്ധരുടെ അഭാവവും പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | (ഡി) നിലവിൽ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിലാണ് റിക്കാർഡിംഗ് സ്റ്റുഡിയോ, ലാബോറട്ടറി ഉൾപ്പെടെയുള്ള വിഭാഗങ്ങൾ പ്രവർത്തിക്കുന്നത്. കൂടുതൽ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുന്നതിന് പി.എസ്.സി യോട് കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | സാങ്കേതിക പരിജ്ഞാനമില്ലാത്ത ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങൾക്ക് സഹായകമായ നിലപാട് സ്വീകരിക്കുന്നതാണ് സ്റ്റുഡിയോ വികസനത്തിനു തടസ്സമെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ഇ) | ഇല്ല. |
| (എഫ്) | പ്രസ്തുത സ്റ്റുഡിയോയുടെ അടിസ്ഥാന സൗകര്യ വികസനം സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ? | (എഫ്) | സ്റ്റുഡിയോയുടെ സമഗ്രമായ ആധുനിക വൽക്കരണത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ പരിശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ